**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6483** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളോട് അനുഭാവപൂർവ്വമായ സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616.78 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ടും, 2019ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ടും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തുക പൂർണ്ണമായും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. 2018ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 3048.39 കോടി രൂപയുടെ ധനസഹായം അംഗീകരിക്കുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 01/04/2018 ൽ നിലനിന്നിരുന്ന ബാലൻസ് തുകയായ 287.08 കോടി രൂപയുടെ 50% തുകയായ 143.54 കോടി രൂപ കുറച്ച് 2904.85 കോടി രൂപ അനുവദിക്കുകയുണ്ടായി. 2019ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിച്ചിട്ടില്ല. |
| (ബി) | 2018 മുതൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട സഹായ ധനം എത്രവീതമായിരുന്നുവെന്നും കേന്ദ്ര സർക്കാർ ഇതുവരെ ഓരോതവണയും ലഭ്യമാക്കിയ തുക എത്രവീതമാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616.78 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ടും, 2019ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ടും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തുക പൂർണ്ണമായും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. 2018ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 3048.39 കോടി രൂപയുടെ ധനസഹായം അംഗീകരിക്കുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 01/04/2018 ൽ നിലനിന്നിരുന്ന ബാലൻസ് തുകയായ 287.08 കോടി രൂപയുടെ 50% തുകയായ 143.54 കോടി രൂപ കുറച്ച് 2904.85 |

| | | | |
|---|---|---|---|
| | | | കോടി രൂപ അനുവദിക്കുകയുണ്ടായി. 2019ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ